## സ്ത്രീശക്തി സോപ്പ് നിർമ്മാണ യൂണിറ്റ്, പൊഴുതന

പൊഴുതന ഗ്രാമപഞ്ചായത്തിൽ ആനോത്ത് പ്രദേശത്ത് താത്കാലിക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. യൂണിറ്റ് രൂപീകരണ സമയത്ത് 9 പേരാണ് ഉണ്ടായിരുന്നത്. നിലവിൽ 6 പേർ പ്രവർത്തിക്കുന്നു. 2,50,000/- രൂപ ബാങ്ക് വായ്പയിൽ 90,000/- രൂപ കുടുംബശ്രീ സബ്സിഡി നൽകി.

യൂണിറ്റിൽ സോപ്പ്, സോപ്പ് പൊടി, ഫിനോയിൽ, ടോയ്‌ലെറ്റ് ക്ലീനർ എന്നിവ നിർമ്മിച്ചിരുന്നു. കുടുംബശ്രീ ഹോം ഷോപ്പ് മുഖേനയാണ് പ്രധാനമായും വിപണനം നടത്തിയിരുന്നത്. കുടുംബശ്രീ പ്രത്യേത ചന്തകളിലും, പൊതു മാർക്കറ്റുകളിലും കുറഞ്ഞ അളവിൽ വിപണനം നടത്തിയിരുന്നു. ടോയ്‌ലെറ്റ് ക്ലീനർ, ഫെനോയിൽ തുടങ്ങിയവക്കുള്ള പ്ലാസ്റ്റിക് ബോട്ടിലുകൾക്ക് വലിയ വിലനൽകേണ്ടിവരുന്നു. എങ്കിലും  കുറഞ്ഞ വിലക്ക് ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കാൻ സാധിച്ചിരുന്നു. എന്നാൽ ഹോം ഷോപ്പ് മുഖേന നൽകിയ ഉൽപ്പന്നങ്ങൾക്ക് കിട്ടേണ്ട തുക മാസങ്ങൾ ഒരുപാട് കഴിഞ്ഞിട്ടും ലഭിക്കാത്തത് യൂണിറ്റിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചു. തുക കിട്ടാതെ പ്രവർത്തനം തുടങ്ങാൻ സാധിക്കുകയില്ലെന്നുള്ള നിലപാടാണ് യൂണിറ്റംഗങ്ങൾ കൈകൊണ്ടിട്ടുള്ളത്. നിലവിൽ പ്രവർത്തനം നിലച്ച അവസ്ഥയാണുള്ളത്.

സോപ്പ്, സോപ്പിതര ഉൽപ്പങ്ങൾ നിർമ്മിക്കുന്നതിന്റെ ഭാഗമായുള്ള അലർജി കാരണം ചില അംഗങ്ങൾ വിട്ടുനിൽക്കുന്നു.

ബാങ്ക് ലോൺ തുകക്കുള്ള മെഷിനറി, മറ്റ് അനുബന്ധ സാമഗ്രികളൊന്നും കാണാൻ സാധിച്ചിട്ടില്ല. പ്രൊജക്ടിൽ പറഞ്ഞ രീതിയിൽ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

ഫിറോസ് ബാബു എം.
ഓഫീസ് അസിസ്റ്റന്റ്